# ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 22.06.2024** **TIME : 07.25 PM**

## പ്രധാന വാർത്തകൾ

1. ഇന്ത്യയും ബംഗ്ലാദേശും തമ്മിൽ വിവിധ മേഖലകളിൽ സഹകരണം ശക്തമാക്കാൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുമായി നടത്തിയ ചർച്ചയിൽ ധാരണ.

   **India and Bangladesh today shared a vision for the future to enhance collaboration in various sectors for the prosperity of both nations. These documents were exchanged between Prime Minister Narendra Modi and his Bangladeshi counterpart Sheikh Hasina.**

2. ജിഎസ്ടി നഷ്ടപരിഹാര കുടിശ്ശിക ഉൾപ്പടെ കേന്ദ്രം നൽകുന്ന പിന്തുണ സംസ്ഥാനങ്ങളുടെ വളർച്ച ത്വരിതപ്പെടുത്താനാണെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ.

   **Union Finance Minister Nirmala Sitharaman has said today that the Centre's support to states including GST compensation arrear is aimed at boosting growth in the states.**

3. നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ പരീക്ഷകൾ സുതാര്യമായി നടപ്പാക്കുന്നതിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം ഉന്നതതല സമിതി രൂപീകരിച്ചു .

   **The Union Ministry of Education has constituted a High-Level Committee of Experts to ensure the transparent, smooth, and fair conduct of examinations by the National Testing Agency.**

4. കേരളത്തിൽ നെല്ല് സംഭരണത്തിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനം കൊണ്ടുവരുമെന്ന് മന്ത്രി ജി.ആർ. അനിൽ.

   **In Kerala, aadhar based biometric system will be introduced in paddy procurement said Minister G R Anil.**

5. ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്.

കേരളത്തിൽ മലപ്പുറം ജില്ലയിൽ ചുവപ്പ് ജാഗ്രത.

**IMD predicts heavy rainfall in South Indian states while in Kerala red alert declared in Malappuram district.**

6. ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിന്റെ സൂപ്പർ 8 ൽ ഇന്ന് ഇന്ത്യ ബംഗ്ലാദേശ് പോരാട്ടം.

**In T-20 Men's Worldcup, India will face Bangladesh in Super 8.**

&&&&&&&&&&&&&&&&&&

## HEAD LINE – 1

## NEW DAY BANGLADESH PM VISIT (INTRO)

ഇന്ത്യയും ബംഗ്ലാദേശും തമ്മിൽ വിവിധ മേഖലകളിലെ സഹകരണത്തിനായുള്ള കരാറുകൾ കൈമാറുകയും ധാരണാപത്രം പുതുക്കുകയും ചെയ്തു . ഡിജിറ്റൽ പരിസ്ഥിതി സൗഹാർദ പദ്ധതികൾ, മാരിടൈം സഹകരണം, ബ്ലൂ ഇക്കോണമി, ആരോഗ്യം, മരുന്ന്, ബഹിരാകാശ സഹകരണം, റെയിൽവേ കണക്ടിവിറ്റി, സമുദ്രവിജ്ഞാനം, ദുരന്ത നിവാരണം, മത്സ്യബന്ധന മേഖല എന്നിവയിൽ ഇരു രാജ്യങ്ങളും സഹകരണം ശക്തമാക്കാൻ ധാരണയായി. ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീനയുമായി പ്രധാനമന്ത്രി നരേന്ദ്ര മോദി ന്യൂഡൽഹിയിൽ നടത്തിയ ചർച്ചയിലാണ് തീരുമാനം. വിശദാംശങ്ങളിലേക്ക്.................... (വോയ്സ്)

## NEW DAY BANGLADESH PM VISIT (VOICE)

ഇന്ത്യയുടെ സാഗർ ദൗത്യം, അയൽപ്പക്കം ആദ്യം, ആക്ട് ഈസ്റ്റ്, ഇന്തോ-പസഫിക് നയങ്ങളെ അടിസ്ഥാനമാക്കിയുള്ളതാണ് ഇന്ത്യ-ബംഗ്ലാദേശ് ബന്ധമെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പ്രസ്താവനയിൽ പറഞ്ഞു. കഴിഞ്ഞ ഒരു വർഷത്തിനിടെ സമൂഹനന്മയ്ക്കായി ഇന്ത്യയും ബംഗ്ലാദേശും നിരവധി പദ്ധതികൾ നടപ്പാക്കിയതായും അദ്ദേഹം പറഞ്ഞു. ഗംഗാ നദിക്കു കുറുകേയുള്ള ലോകത്തിലെ തന്നെ ഏറ്റവും വലിയ

റിവർ ക്രൂയിസ് സംവിധാനം വിജയകരമായി നടപ്പാക്കിയതായും ബംഗ്ലാദേശിലെ ജനങ്ങൾക്കു വേണ്ടി ഇന്ത്യ ഇ-മെഡിക്കൽ വീസ സംവിധാനം ആരംഭിക്കുമെന്നും അദ്ദേഹം അറിയിച്ചു. രംഗ്പൂരിൽ ഒരു പുതിയ അസിസ്റ്റൻറ് ഹൈ കമ്മിഷൻ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെന്നും പ്രധാനമന്ത്രി കൂട്ടിച്ചേർത്തു. പരസ്പരം ബന്ധിപ്പിക്കൽ, വ്യവഹാരം, സഹകരണം എന്നിവയിൽ കേന്ദ്രീകരിച്ചുള്ളതാണ് ഇന്ത്യ-ബംഗ്ലാദേശ് ബന്ധമെന്നും ഡിജിറ്റൽ കണക്റ്റിവിറ്റി, ഊർജം എന്നിവയിലെ സഹകരണം ഇരു രാജ്യങ്ങളുടേയും സാമ്പത്തിക വികസനത്തിന് ഊർജമേകുമെന്നും അദ്ദേഹം വ്യക്തമാക്കി. സമ്പത്ത് വ്യവസ്ഥയെ ശക്തിപ്പെടുത്തുന്ന സമഗ്ര സാമ്പത്തിക സഹായ കരാറിനെക്കുറിച്ച് ചർച്ച നടത്തുന്നതിന് ഇന്ത്യയും ബംഗ്ലാദേശും തയ്യാറാണെന്നും പ്രധാനമന്ത്രി പറഞ്ഞു. വിശ്വസ്തമായ സുഹൃത്തും പ്രാദേശിക പങ്കാളിയുമെന്നാണ് ഇന്ത്യയെ ബംഗ്ലാദേശ് പ്രധാനമന്ത്രി വിശേഷിപ്പിച്ചത്.

ന്യൂസ് ഡെസ്ക് ആകാശവാണി......

&&&&&&&&&&&&&&&&&&

## HEAD LINE – 2

## SITHARAMAN- PRE-BUDGET

നികുതി വിഹിതം , ധനകാര്യ കമ്മീഷൻ ഗ്രാൻ്റുകൾ, ജിഎസ്ടി നഷ്ടപരിഹാര കുടിശ്ശിക എന്നിവയിലൂടെ കൃത്യസമയത്തു കേന്ദ്രം നൽകുന്ന പിന്തുണ സംസ്ഥാനങ്ങളുടെ വളർച്ച ത്വരിതപ്പെടുത്താൻ ലക്ഷ്യമിട്ടാണെന്ന് കേന്ദ്ര ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. ന്യൂഡൽഹിയിൽ 2024-25 ലെ കേന്ദ്ര ബജറ്റിനായി സംസ്ഥാനങ്ങളിൽ നിന്നും കേന്ദ്രഭരണ പ്രദേശങ്ങളിൽ നിന്നുമുള്ള ധനമന്ത്രിമാരുമായി പ്രീ-ബജറ്റ് ചർച്ചകൾക്ക് നേതൃത്വം നൽകിയ ശ്രീമതി സീതാരാമൻ, 'മൂലധന നിക്ഷേപത്തിനായി സംസ്ഥാനങ്ങൾക്ക് പ്രത്യേക സഹായത്തിനുള്ള കേന്ദ്ര പദ്ധതി' പ്രയോജനപ്പെടുത്താൻ പ്രോത്സാഹിപ്പിച്ചു. ഈ പദ്ധതിക്ക് കീഴിലുള്ള ഭൂരിഭാഗം വായ്പകളും ലളിതമായ വ്യവസ്ഥകൾ ഉള്ളതാണെങ്കിലും ചിലത് പൗര കേന്ദ്രീകൃത പരിഷ്കാരങ്ങളും പ്രത്യേക മൂലധന പദ്ധതികളും

പാലിക്കാൻ  വ്യവസ്ഥ ചെയ്യുന്നുണ്ടെന്നും  ധന മന്ത്രി സൂചിപ്പിച്ചു. കേന്ദ്ര ധനകാര്യ സഹമന്ത്രി പങ്കജ് ചൗധരി, ഗോവ, മേഘാലയ, മിസോറാം, നാഗാലാൻഡ്, സിക്കിം മുഖ്യമന്ത്രിമാർ, ബിഹാർ, മധ്യപ്രദേശ്, ഒഡീഷ, രാജസ്ഥാൻ, തെലങ്കാന എന്നീ സംസ്ഥാനങ്ങളിലെ ഉപമുഖ്യമന്ത്രിമാരും മറ്റ് സംസ്ഥാന ധനകാര്യ സഹമന്ത്രിമാരും യോഗത്തിൽ പങ്കെടുത്തു.

&&&&&&&&&&&&&&&&&&

## HEAD LINE – 3

## NTA- COMMITTEE

നാഷണൽ ടെസ്റ്റിങ് ഏജൻസിയുടെ പരീക്ഷകൾ സുതാര്യവും സത്യസന്ധവും തടസ്സരഹിതവുമായി നടപ്പാക്കുന്നു എന്ന് ഉറപ്പാക്കാൻ ഉന്നതതല സമിതി രൂപീകരിച്ച് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം.  ഐഎസ്ആർഒ  മുൻ ചെയർമാൻ ഡോ. കെ രാധാകൃഷ്ണനാണ് ഏഴംഗ സമിതിക്ക് നേതൃത്വം നൽകുന്നത്.  പരീക്ഷകളുടെ സുതാര്യത വർധിപ്പിക്കുകയും ഡാറ്റ സുരക്ഷ വർധിപ്പിക്കുകയും ഏജൻസിയുടെ നടത്തിപ്പ് വിലയിരുത്തുകയും ചെയ്യുന്നതിനാണ് സമിതി രൂപീകരിച്ചിരിക്കുന്നത്.  നിലവിലെ നടപടികൾ പരിശോധിച്ച് ഏജൻസിയുടെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നിർദേശങ്ങൾ പാനൽ മുന്നോട്ട് വയ്ക്കും. റിപ്പോർട്ട് സമർപ്പിക്കുന്നതിന്  രണ്ട് മാസം സമയമാണ് നൽകിയിട്ടുള്ളത്.

&&&&&&&&&&&&&&&&&&

## CSIR-UGC NET

**C S I R - U G C - N E T** പരീക്ഷ മാറ്റി വച്ചതായി ദേശീയ ടെസ്റ്റിംഗ് ഏജൻസി അറിയിച്ചു. ഈ മാസം 25 മുതൽ 27 വരെ പരീക്ഷ നടത്താനാണ് നേരത്തെ നിശ്ചയിച്ചിരുന്നത്. പുതിയ പരീക്ഷാതീയതി പിന്നീട് ഔദ്യോഗിക വെബ്സൈറ്റിലൂടെ അറിയിക്കും. കൂടുതൽ വിവരങ്ങൾക്ക് 011- 40759000 , 011-69227700 എന്നീ നമ്പറുകളിൽ ബന്ധപ്പെടാമെന്ന് എൻ ടി എ അറിയിച്ചു.

&&&&&&&&&&&&&&&&&&

## CENTRE-PUBLIC EXAMINATIONS LAW

രാജ്യത്ത് മത്സര പരീക്ഷകളിലെ ക്രമക്കേടുകൾ തടയാൻ കേന്ദ്ര സർക്കാർ വിജ്ഞാപനം ചെയ്ത നിയമങ്ങൾ ഇന്ന് മുതൽ പ്രാബല്യത്തിൽ. മത്സര പരീക്ഷകളിൽ ക്രമക്കേടുകൾ നടത്തുന്നവർക്ക് 10 വർഷം തടവും ഒരു കോടി രൂപ വരെ പിഴയും നിയമത്തിൽ വ്യവസ്ഥ ചെയ്യുന്നു. 2024 ലെ പൊതു പരീക്ഷ (അധാർമ്മിക പ്രവൃത്തി തടയൽ) ബിൽ ലോക്സഭ ഫെബ്രുവരി 6 നും രാജ്യസഭ ഫെബ്രുവരി 9 നും പാസാക്കിയിരുന്നു. ഫെബ്രുവരി 12 ന് രാഷ്ട്രപതി ദ്രൗപദി മുർമു ബില്ലിന് അംഗീകാരം നല്കി. വഞ്ചനയ്ക്ക് മൂന്ന് മുതൽ അഞ്ച് വർഷം വരെ തടവും സംഘടിതമായുള്ള വഞ്ചനയ്ക്ക് അഞ്ച് മുതൽ പത്ത് വർഷം വരെ തടവുമാണ് ശിക്ഷ.

&&&&&&&&&&&&&&&&&&

## TN DEATH TOLL

തമിഴ്നാട്ടിലെ കള്ളക്കുറിച്ചി വിഷ മദ്യ ദുരന്തത്തിൽ മരണം 54 ആയി. നിലവിൽ 140 ലേറെ പേർ ചികിത്സയിലാണ്. അതിനിടെ വിഷ മദ്യ ദുരന്തം അന്വേഷിക്കാൻ തമിഴ് നാട് സർക്കാർ നിയോഗിച്ച കമ്മീഷൻ ദുരന്തത്തിന് ഇരയായവരുടെ കുടുംബാംഗങ്ങളെ സന്ദർശിച്ചു. വിഷയത്തിൽ അടിയന്തര ചർച്ച വേണമെന്ന് ആവശ്യപ്പെട്ട് എ.ഐ.എ.ഡി.എം.കെ അംഗങ്ങൾ ഇന്ന് നിമയസഭയിൽ നിന്ന് ഇറങ്ങിപോയി. സംഭവത്തിൽ ബിജെപി ഇന്ന് തമിഴ്നാട്ടിലെ വിവിധ ഇടങ്ങളിൽ പ്രതിഷേധ സമരം സംഘടിച്ചു.

&&&&&&&&&&&&&&&&&&

## THREE CRIMINAL LAWS

രാജ്യത്ത് പുതിയ മൂന്ന് ക്രിമിനൽ നിയമങ്ങൾ ജൂലൈ ഒന്നിന് പ്രാബല്യത്തിൽ വരികയാണ്. ഇതേക്കുറിച്ച് ആകാശവാണി തിരുവനന്തപുരം പ്രാദേശിക വാർത്താവിഭാഗം തയാറാക്കിയ പ്രത്യേക ചർച്ച നാളെ രാത്രി 8:15ന് പ്രക്ഷേപണം ചെയ്യും.

&&&&&&&&&&&&&&&&&&

**HM- FTI TTP**

ഡൽഹി ഇന്ദിരാഗാന്ധി അന്താരാഷ്ട്ര വിമാനത്താവളത്തിൽ ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഉത്ഘാടനം ചെയ്തു. സ്വദേശികൾക്കും വിദേശത്തുള്ള ഇന്ത്യൻ പൗരന്മാർക്കും ഓൺലൈനായി അപേക്ഷിച്ച് ബയോമെട്രിക് വിവരങ്ങൾ നൽകുന്നതിലൂടെ സംവിധാനത്തിൻറെ ഗുണം ലഭിക്കും. യാത്രാനുഭവം മെച്ചപ്പെടുത്താൻ ഫാസ്റ്റ് ട്രാക്ക് ഇമിഗ്രേഷൻ ട്രസ്റ്റഡ് ട്രാവലർ പ്രോഗ്രാം സഹായകമാകും.

&&&&&&&&&&&&&&&&&&

**HEAD LINE – 4**

**SUPPLYCO**

കേരളത്തിൽ നെല്ല് സംഭരണത്തിൽ ആധാർ അധിഷ്ഠിത ബയോമെട്രിക് സംവിധാനം കൊണ്ടുവരുമെന്ന് മന്ത്രി ജി.ആർ. അനിൽ. സബ്സിഡി ഉൾപ്പെടെയുള്ളവയിൽ ബയോമെട്രിക്ക് സംവിധാനം ആലോചനയിലുണ്ടെന്നും അദ്ദേഹം തിരുവനന്തപുരത്ത് വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി.

10 ഓളം മെഡിക്കൽ സ്റ്റോറുകൾ 'സപ്ലൈകോ മെഡി മാർട്ട്' എന്ന പേരിൽ ആരംഭിക്കുമെന്നും മന്ത്രി അറിയിച്ചു.

സപ്ലൈകോയുടെ 50-ാം വാർഷികാഘോഷ പരിപാടികൾ ഈ മാസം 25-ാം തീയതി മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്യുമെന്നും മന്ത്രി ജി ആർ അനിൽ അറിയിച്ചു.

&&&&&&&&&&&&&&&&&&

## PLUS ONE SEAT

മലബാർ മേഖലയിലെ പ്ലസ് വൺ സീറ്റ് വിഷയത്തിൽ ശാശ്വതമായ പരിഹാരം കാണുമെന്ന് മന്ത്രി വി. അബ്ദു റഹിമാൻ. പ്ലസ് വൺ അലോട്ട്മെന്റിന്റെ മൂന്നു ഘട്ടങ്ങൾ പൂർത്തിയായിട്ടും പലർക്കും സീറ്റ് ലഭിച്ചിട്ടില്ലെന്ന വിഷയം മുഖ്യമന്ത്രിയുടേയും വിദ്യാഭ്യാസ മന്ത്രിയുടേയും ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ടെന്ന് മന്ത്രി വി. അബ്ദുറഹിമാൻ അറിയിച്ചു. എന്നാൽ പ്ലസ് വൺ സീറ്റുകൾ സംബന്ധിച്ച പ്രശ്നത്തിൽ Marginal increase നൽകുന്നതിന് പകരം സംസ്ഥാന സർക്കാർ ബാച്ചുകളുടെ എണ്ണം കൂട്ടണമെന്ന് പ്രതിപക്ഷ നേതാവ് വി.ഡി സതീശൻ പറഞ്ഞു.

&&&&&&&&&&&&&&&&&&

## REV IMD-WEATHER

കേരള, കർണാടക, ഗോവ സംസ്ഥാനങ്ങളിൽ അടുത്ത നാലു ദിവസം ശക്തമായ മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ഗുജറാത്ത്, മഹാരാഷ്ട്ര, ലക്ഷദ്വീപ്, ആന്ധ്രാപ്രദേശ്, തെലങ്കാന, തമിഴ്നാട്, പുതുച്ചേരി എന്നിവിടങ്ങളിൽ ഇടിമിന്നലോട് കൂടിയ ഇടത്തരം മഴയ്ക്കും സാധ്യതയുണ്ട്. നാഗാലാൻഡ്, മിസോറം, ത്രിപുര, പശ്ചിമബംഗാൾ, സിക്കിം, അസം, മേഘാലയ, അരുണാചൽ പ്രദേശ് സംസ്ഥാനങ്ങളിൽ അടുത്ത അഞ്ചു ദിവസം അതിശക്തമായ മഴ അനുഭവപ്പെട്ടേക്കാം.

&&&&&&&&&&&&&&&&&&

## HEAD LINE – 5

## KERALA - WEATHER

കേരളത്തിൽ ശക്തമായ മഴ തുടരുമെന്ന് കേന്ദ്രകാലാവസ്ഥാ വകുപ്പ്. മലപ്പുറം ജില്ലയിൽ ഇന്ന് ചുവപ്പു ജാഗ്രത നൽകി. ഏഴു ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും പ്രഖ്യാപിച്ചു.

തിരുവനന്തപുരം, കൊല്ലം ഒഴികെയുള്ള മറ്റ് ജില്ലകളിൽ മഞ്ഞ

ജാഗ്രതയും നൽകിയിട്ടുണ്ട്. ശക്തമായ കാറ്റിന് സാധ്യത ഉള്ളതിനാൽ ചൊവ്വാഴ്ച വരെ കേരളം, ലക്ഷദ്വീപ്, കർണാടക തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി.

## HEAD LINE – 6

## T-20 WORLD CUP

ട്വന്റി-20 പുരുഷ ലോകകപ്പ് ക്രിക്കറ്റിൽ സൂപ്പർ 8 ൽ ഇന്ത്യ ഇന്ന് ബംഗ്ലാദേശിനെ നേരിടും. രാത്രി എട്ട് മണിക്കാണ് മത്സരം. രാവിലെ നടന്ന മത്സരത്തിൽ അമേരിക്കക്കെതിരെ വെസ്റ്റ് ഇൻഡീസ് 9 വിക്കറ്റിന് വിജയിച്ചു.

&&&&&&&&&&&&&&&&&&

## EURO CUP

യൂറോ കപ്പ് ഫുട്ബോളിൽ, ജോർജിയയും- ചെക്ക് റിപ്പബ്ലിക്കിൻറെ ടീമായ ചെക്കിയയും തമ്മിലുള്ള മത്സരം പുരോഗമിക്കുന്നു. പോർച്ചുഗൽ - തുർക്കി മത്സരം രാത്രി 9.30 ന് നടക്കും. രാവിലെ നടന്ന നെതർലാൻഡ് -ഫ്രാൻസ് മത്സരം ഗോൾ രഹിത സമനിലയിൽ കലാശിച്ചു.

&&&&&&&&&&&&&&&&&&

## ARCHERY - GOLD

തുർക്കിയെയിൽ നടക്കുന്ന അമ്പെയ്ത്ത് ലോകകപ്പിൽ കോമ്പൗണ്ട് ടീം ഇനത്തിൽ ഇന്ത്യയുടെ ജ്യോതി സുരേഖ വെന്നം, പർണീത് കൗർ, അദിതി സ്വാമി എന്നിവർക്ക് സ്വർണം. എസ്റ്റോണിയയെ 232-229 എന്ന സ്കോറിന് പരാജയപ്പെടുത്തിയാണ് ഇന്ത്യൻ സഖ്യം നേട്ടം കൈവരിച്ചത് . ഇതോടെ കോമ്പൗണ്ട് ടീം ഇനത്തിലെ മൂന്ന് മെഡലുകളും ഇന്ത്യൻ സംഘം നേടി.

&&&&&&&&&&&&&&&&

&&&&&&&&&&&&&&

&&&&&&&&&&